## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 827 — 30.11.2018-ൽ മറുപടിക്ക്

# ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, കെ. രാജൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ആദിവാസികൾക്ക് വിതരണം ചെയ്യുന്നു എന്ന പേരിൽ അർഹതയില്ലാത്തവരുടെ കയ്യിൽ ഭൂമി എത്തുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ച് അർഹതപ്പെട്ടവരായ പട്ടികവർഗ്ഗക്കാർക്കാണ് ഭൂമി വിതരണം ചെയ്തിട്ടുള്ളത്. |
| ബി) | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | ബി) | 03.03.2018-ലെ 21/2018/പജ.പവ.വിവ ഉത്തരവ് പ്രകാരമുള്ള ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം ആകെ 678 ഉടമകളിൽ നിന്നും 1629.63 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ആദ്യഘട്ട ഫീൽഡ് പരിശോധന 294 അപേക്ഷകളിൽ പൂർത്തീകരിച്ചു. ജില്ലാതല കമ്മിറ്റിയുടെ ഫീൽഡ് പരിശോധന കൂടി കഴിഞ്ഞ് വില നിർണ്ണയം നടത്തി വിതരണത്തിന് അനുയോജ്യമായ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിയാണ് തുടർന്നുവരുന്നത്. പുരോഗതി വിവരം അനുബന്ധം 1-ൽ ചേർക്കുന്നു. |
| സി) | ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കി അർഹതപ്പെട്ട ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നല്കുന്നതിനുള്ള ലാന്റ് ബോർഡ് രൂപീകരണം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | സി) | ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 23.10.2013-ലെ സ.ഉ(എം.എസ്)നം.84/13/പജ.പവ.വിവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ഭൂമി വാങ്ങി നൽകൽ പദ്ധതി നടപ്പിലാക്കിയതിൽ വ്യാപകമായ പരാതികളുടേയും ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ടി പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നില്ലായെന്നും ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതിയ്ക്ക് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സ.ഉ(എം.എസ്)നം.21/2018/ പജ.പവ.വിവ തീയതി, 03.03.2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി വിൽപ്പനയ്ക്ക് താൽപ്പര്യമുള്ള ഉടമസ്ഥരിൽ നിന്നും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി ലാന്റ് ബാങ്ക് രൂപീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രകാരം വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ബാധിതമായ കോളനികളിലെ 144 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ 24.39 ഏക്കർ ഭൂമി കണ്ടെത്തി ടി ഭൂമി വാങ്ങി നൽകുന്നതിനായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ഡിസംബറിനകം നടപടികൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് പ്രവർത്തനം ചിട്ടപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി ആദിവാസികൾക്ക് വാങ്ങി നല്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഡി) | ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ലാന്റ് ബാങ്കിൽ ഉൾപ്പെട്ട ഭൂഉടമകളുടെ ഭൂമി പഞ്ചായത്ത് തല കമ്മിറ്റിയും ജില്ലാ മിഷനും ഫീൽഡ് പരിശോധന നടത്തി വാസയോഗ്യവും, കൃഷിയോഗ്യവുമായ ഭൂമിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം – 1

[redacted]

Purchase of land regulated by GO(Ms) No. 21/2018/SCSTDD dt: 22.11.18. Progress of scheme as follows

| Sl. No | District | Number of applications received (Acre) | | No. of applications verified by Field Level Committee (Panchayath Level) | | No. of applications recommended by Field Level Committee | | No. of applications rejected by Panchayath Level Committee | | No. of applications forwarded to District Mission for further actions | | Amount required (In crore) |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | Extent of land | | Extent of land | | Extent of land | | Extent of land | | Extent of land | |
| 1 | TVM | 13 | 14.47 | | | | | | | | | |
| 2 | Kollam | 27 | 33.30 | 7 | | | | | | | | |
| 3 | Pathnamthitta | 40 | 187.30 | | | | | | | | | |
| 4 | Alappuzha | 22 | 16.86 | | | | | | | | | |
| 5 | Kottayam | 38 | 61.23 | 17 | 30.8 | 12 | 22.60 | 5 | 8.2 | | | |
| 6 | Idukki (Project Officer) | 31 | 48.59 | 31 | 48.59 | 9 | 23 | 22 | 25.59 | | | |
| | Adimali (TDO) | 26 | 54.06 | 24 | 14.51 | 12 | 14.51 | 12 | 25.87 | | | |
| 7 | Ernakulam | 18 | 32.73 | 7 | | 5 | | | | | | |
| 8 | Thrissur | 11 | 80.51 | 11 | 80.51 | 7 | | | | | | |
| 9 | Palakkad | 63 | 116.41 | 15 | 15.18 | 8 | 7.68 | 7 | 7.50 | 15 | 15.18 | |
| 10 | Kozhikkode | 14 | 28.20 | 1 | | 1 | | | | | | |
| 11 | Malappuram | 27 | 125.87 | 20 | 84.97 | 9 | 40.56 | 7 | 32.28 | | | |
| 12 | Kalpetta | 15 | | | | | | | | | | |
| | Mananthavady | 52 | 131.21 | 51 | 130.83 | 33 | 88.87 | 18 | 37.99 | | | |
| | Bathery | 39 | 77.89 | 39 | 77.89 | 16 | 32.02 | 23 | 45.87 | | | |
| 13 | Kasaragod | 242 | 621 | 71 | 128.26 | 37 | 88.27 | 34 | 39.99 | 37 | 88.27 | |
| | Total | 678 | 1629.63 | 294 | 611.54 | 149 | 317.51 | 128 | 223.29 | 52 | 103.45 | |